സ്വീകർത്താവ്

മുഖ്യമന്ത്രി,

കേരള സർക്കാർ

പ്രേക്ഷിതൻ

വിഷയം : വൈദ്യുതി ബോർഡിൽ സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയർ നിർമ്മിക്കാനുള്ള ശ്രമം

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കൊണ്ടുവന്ന ഐടി നയം സ്വതന്ത്ര സോഫ്റ്റ്‌വെയറിന് കാര്യമായ മുൻതൂക്കം നൽകുന്ന ഒന്നാണ് എന്നത് കേരളത്തിൽ മാത്രമല്ല ലോകത്തെല്ലായിടത്തും ശ്രദ്ധേയമായ ഒന്നായിരുന്നു. എന്നാൽ ഈ നയം ലംഘിച്ചുകൊണ്ട് സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയർ നിർമ്മിക്കാനുള്ള ശ്രമങ്ങൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്ന് ഇടയ്ക്കിടയ്ക്ക് ഉണ്ടാകാറുണ്ട്. അങ്ങനെ സംഭവിക്കുമ്പോൾ അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ആ സന്ദർഭങ്ങളിൽ അതുണ്ടാകാതിരിക്കാനായി അങ്ങ് നടപടികൾ എടുക്കാറുണ്ട് എന്ന കാര്യം ഞങ്ങൾ സന്തോഷത്തോടെ സ്മരിക്കുന്നു. സർക്കാർ ചെലവിൽ സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയർ നിർമ്മിക്കാനുള്ള ഒരു ശ്രമം വീണ്ടും നടക്കുന്നതായി അറിയുന്നു. അതോടൊപ്പം ഇപ്പോൾ ഉപയോഗിക്കപ്പെടുന്ന സ്വതന്ത്ര സോഫ്റ്റ്‌വെയർ ഒഴിവാക്കാനുള്ള ശ്രമവും നടക്കുന്നതായി ഞങ്ങൾ കേൾക്കുന്നു. ഈ സാഹചര്യത്തിലാണ് ഇപ്പോൾ അങ്ങേയ്ക്ക് ഈ കത്തെഴുതുന്നത്.

കേരളത്തിന് അഭിമാനവും ലോകത്തുതന്നെ മറ്റുള്ളവർക്ക് മാതൃകയുമായ കാര്യമായിരുന്നു കേരളത്തിലെ ലോ ടെൻഷൻ വൈദ്യുതി ഉപയോക്താക്കൾക്ക് ബില്ല് തയാറാക്കാനുള്ള സോഫ്റ്റ്‌വെയർ 'ഒരുമ' എന്ന പേരിൽ നമ്മുടെ വൈദ്യുതി ബോർഡിന്റെ എഞ്ചിനിയർമാർ തന്നെ സ്വതന്ത്ര സോഫ്റ്റ്‌വെയർ അടിസ്ഥാനമാക്കി തയാറാക്കിയത്. എന്നാൽ ഇപ്പോൾ ഹൈ ടെൻഷൻ ഉപയോക്താക്കൾക്കുള്ള ബില്ല് തയാറാക്കാനുള്ള സോഫ്റ്റ്‌വെയർ സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയറിൽ നിർമ്മിക്കാനുള്ള ശ്രമം നടക്കുന്നതായി ഞങ്ങൾക്ക് വിവരം ലഭിച്ചിരിക്കുന്നു. പൂർണ്ണമായി സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ ചെയ്യാൻ തയാറായ കമ്പനിയെ ഒഴിവാക്കിക്കൊണ്ടാണ് ടെണ്ടർ നിശ്ചയിച്ചത് എന്നാണ് ഞങ്ങൾക്ക് അറിയാൻ കഴിഞ്ഞത്. (അടുത്ത കാലത്ത് "സ്വതന്ത്ര സോഫ്റ്റ്‌വെയർ വാശി മൂലം സംസ്ഥാനത്തിന് കോടിക്കണക്കിന് രൂപ നഷ്ടമാകാൻ പോകുന്നു " എന്ന് ഒരു വാർത്ത ഒരു പ്രമുഖ പത്രത്തിൽ വന്നത് ഇതുമായി ബന്ധപ്പെട്ടല്ലേ എന്ന് ഞങ്ങൾ സംശയിക്കുന്നു.) പുതിയ സോഫ്റ്റ്‌വെയർ തയാറാക്കുന്നതോടൊപ്പം 'ഒരുമ' എന്ന സോഫ്റ്റ്‌വെയർ ഒഴിവാക്കി പകരം സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയർ നിർമ്മിക്കാനുമുള്ള ശ്രമങ്ങൾ നടക്കുന്നു എന്നും ഞങ്ങൾ കേൾക്കുന്നു. സോഫ്റ്റ്‌വെയർ നിർമ്മിക്കാനുള്ള ടെണ്ടർ വിളിച്ചപ്പോൾ അത് സ്വതന്ത്ര സോഫ്റ്റ്‌വെയറായിരിക്കണം എന്ന് നിഷ്ക്കർഷിച്ചിരുന്നെങ്കിലും അത് മറികടന്ന് സ്വതന്ത്രമല്ലാത്ത സോഫ്റ്റ്‌വെയർ നിർമ്മിക്കാനുള്ള ഉപദേശമാണ് കൺസൾട്ടിംഗ് കമ്പനി നൽകിയിരിക്കുന്നത് എന്നും ഈ സോഫ്റ്റ്‌വെയർ നിർമ്മിക്കാൻ ഏല്പിക്കേണ്ടത് ആരെയാണ് എന്നതിനെക്കുറിച്ച് ഏതാണ്ട് തീരുമാനം ആയിട്ടുണ്ട് എന്നുമാണ് ഞങ്ങൾ മനസിലാക്കുന്നത്. ഇതിൽ അഴിമതിയുടെ അംശം അടങ്ങിയിട്ടില്ലേ എന്നും ഞങ്ങൾക്ക് സംശയമുണ്ട്.

ഇക്കാര്യത്തിൽ അങ്ങയുടെ ശ്രദ്ധ ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

കേരളത്തിലെ സ്വതന്ത്ര സോഫ്റ്റ്‌വെയർ സമൂഹത്തിനുവേണ്ടി